പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

2018 നവംബർ 29, വ്യാഴം

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

# ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

ചോദ്യം : 546
ശ്രീ. വി.പി. സജീന്ദ്രൻ

മറുപടി :
ഡോ. ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സംസ്ഥാന ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ ഇൻഷ്വറൻസ് നടപ്പിലാക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിലേക്കായി 24.04.17-ലെ സ.ഉ(അച്ചടി)നം. 54/2017/ധന പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. പ്രാഥമിക ഘട്ടത്തിലെ പഠനം, അപഗ്രഥനം, എന്നിവയ്ക്ക് ശേഷം IRDAI അംഗീകാരമുള്ള ഇൻഷ്വറൻസ് കമ്പനികളിൽ നിന്ന് താല്പര്യപത്രം ക്ഷണിക്കുകയും അഞ്ച് കമ്പനികൾ അനുകൂലമായി പ്രതികരിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വീസ് സംഘടനകളും, പെൻഷൻ സംഘടനകളുമായി രണ്ട് പ്രാവശ്യം ചർച്ച നടത്തുകയും ചെയ്തു. ഇൻഷ്വറൻസ് രംഗത്തെ വിദഗ്ദരുടെ ഉപദേശത്തിന്റെയും, താല്പര്യപത്രങ്ങളുടെയും അടിസ്ഥാനത്തിലും സംഘടനകളുടെ യോഗത്തിലെ പ്രായോഗികമായ നിർദ്ദേശങ്ങൾ പരിഗണിച്ചും പുതുക്കിയ കരട് പദ്ധതിയും ആയത് അനുസരിച്ചുള്ള കരട് RFP (Request For Proposals) യും തയ്യാറാക്കി വരുന്നു. ടെൻഡർ നടപടികൾ പൂർത്തിയാക്കി തെരെഞ്ഞെടുക്കപ്പെടുന്ന ഇൻഷ്വറൻസ് കമ്പനിയുമായി കരാർ ഒപ്പിടുന്ന മുറയ്ക്ക് മാത്രമേ ഇൻഷ്വറൻസ് കമ്പനി, ജീവനക്കാരുടെയും പെൻഷൻകാരുടെയും പ്രീമിയം, ഇൻഷ്വറൻസ് പരിധി, പദ്ധതിയിലുള്ള ആശുപത്രികൾ, ആനുകൂല്യം ലഭിക്കുന്ന രോഗങ്ങൾ എന്നിവയെക്കുറിച്ചുള്ള പൂർണ്ണവിവരം ലഭ്യമാകുകയുള്ളു. |
| (ബി) | ഇത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഈ പദ്ധതി എന്നത്തേക്ക് പ്രാവർത്തികമാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ; | |
| (സി) | ജീവനക്കാരുടെയും ആശ്രിതരുടെയും വിശദാംശം തയ്യാറാക്കിയിട്ടുണ്ടോ. എങ്കിൽ ഇതനുസരിച്ച് എത്ര ജീവനക്കാർക്കും, പെൻഷൻകാർക്കുമാണ് ഇൻഷ്വറൻസ് ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടാകുകയെന്ന് വ്യക്തമാക്കുമോ? | ജീവനക്കാരുടെയും, പെൻഷൻകാരുടെയും ആശ്രിതരുടെയും വിവരശേഖരണം പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ടി പ്രക്രിയ പൂർത്തിയാകുന്ന മുറയ്ക്കു മാത്രമേ എത്ര പേർക്കാണ് ഇൻഷ്വറൻസ് ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടാകുകയെന്ന് വ്യക്തമാക്കുവാൻ സാധിക്കുകയുള്ളൂ. |

Haseena
അക്കൗണ്ട്സ് ഓഫീസർ